## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## ചട്ടം 300 അനുസരിച്ച് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി 28.03.2018 ന് സഭയിൽ നടത്തിയ പ്രസ്താവന

17-11-2014 ലെ സ.ഉ(എം.എസ്) നം.96/2014/വനം ഉത്തരവ് പ്രകാരം വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 5 ലക്ഷം രൂപയും വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ നിയമപരമായ അവകാശികൾക്ക് ഒരു ലക്ഷം രൂപയും നൽകി വരുന്നു. 22-03-2013 ലെ സ.ഉ (എം.എസ്) 32/2013/വനം ഉത്തരവ് പ്രകാരം വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും കന്നുകാലികൾക്കും മറ്റ് വസ്തുവകകൾക്കും ഉ ണ്ടാകുന്ന നാശനഷ്ടങ്ങൾക്കും പരമാവധി 75,000 രൂപയും നൽകി വരുന്നു. കേരള നിയമസഭയുടെ വിഷയനിർണ്ണയ സമിതി-X ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് അഞ്ചാമത്തെ റിപ്പോർട്ടിലെ പത്താമത് ശുപാർശ പ്രകാരം വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിച്ച വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് നൽകി വരുന്ന നിലവിലുള്ള നഷ്ടപരിഹാര തുക 5 ലക്ഷത്തിൽ നിന്നും 10 ലക്ഷമായി വർദ്ധിപ്പിച്ചു നൽകാൻ ശുപാർശ ചെയ്തിരുന്നു.

1980 ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടൂ വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് എന്ന ചട്ടത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് നിലവിൽ ലഭിച്ചു കൊണ്ടിരിക്കുന്ന 5 ലക്ഷം രൂപ 10 ലക്ഷം രൂപയായും വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ നിലവിൽ അവകാശികൾക്ക് നൽകിക്കൊ ണ്ടിരിക്കുന്ന ഒരു ലക്ഷം രൂപ രണ്ടു ലക്ഷം രൂപയായും സ്ഥായിയായ അംഗവൈകല്യം ഉണ്ടാകുന്നവർക്ക് നിലവിൽ പരമാവധി നൽകി വരുന്ന 75,000 രൂപ പരമാവധി 2 ലക്ഷം രൂപയായും വീടുകൾ /കുടിലുകൾ, കൃഷി, കന്നുകാലികൾ എന്നിവയ്ക്ക് വന്യജീവി ആക്രമണം മൂലമു ണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നിലവിൽ നൽകി വരുന്ന പരമാവധി 75,000 രൂപ എന്നത് കണക്കാക്കപ്പെടുന്ന തുകയുടെ 100 ശതമാനം അതായത് പരമാവധി ഒരു ലക്ഷം രൂപ എന്ന നിരക്കിലും വ്യക്തികൾക്കുണ്ടാകുന്ന പരിക്ക് മൂലം ചികിത്സയ്ക്ക് ചെലവാകുന്ന തുക നിലവിൽ 75,000 രൂപ എന്നത് പരമാവധി ഒരു ലക്ഷം രൂപ എന്ന നിരക്കിലും വർദ്ധിപ്പിക്കുന്നതിനും പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ

ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും നൽകുന്നതിനും 27-03-2018 ലെ മന്ത്രിസഭാ യോഗം തീരുമാനിച്ചു.

വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തി വനകുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെടുകയോ ഉൾപ്പെടുകയോ ചെയ്താൽ നഷ്ടപരിഹാരത്തിന് അർഹതയില്ലാ എങ്കിലും സ്ഥിരം കുറ്റവാളികളല്ലാത്ത വനം കുറ്റകൃത്യത്തിലുൾപ്പെട്ടിട്ടുള്ള വ്യക്തികൾ വനം കുറ്റകൃത്യത്തിനിടയിലല്ലാതെ വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടാൽ ആയത് പരിശോധിച്ച് അർഹതയുള്ള കേസിൽ നഷ്ടപരിഹാരം നൽകുന്നതിനും തീരുമാനിച്ചു.

മനുഷ്യജീവഹാനി ഉണ്ടായാൽ റെയ്ഞ്ച് ഓഫീസറുടെ ശുപാർശ ലഭിച്ചാൽ 15 ദിവസത്തിനകം ബന്ധപ്പെട്ട ഡി.എഫ്.ഒ / വൈൽഡ്ലൈഫ് വാർഡൻ തുടരന്വേഷണം നടത്തുകയും 15 ദിവസത്തിനകം ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നും വില്ലേജ് ഓഫീസറുടെ പക്കൽ നിന്നും ബന്ധുത്വം സംബന്ധിച്ച സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് നഷ്ടപരിഹാരത്തിന്റെ ആകെ തുകയുടെ 50 ശതമാനം മരണപ്പെട്ടയാളുടെ നിയമപരമായ അവകാശികൾക്ക് നൽകണമെന്നും ബാക്കി തുക അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന തീയതി മുതൽ 7 ദിവസത്തിനകം നൽകണമെന്നും തീരുമാനിച്ചു. ഈ വർദ്ധനവ് 2018 ഏപ്രിൽ മാസം ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
**തിരുവനന്തപുരം,**
**2018 മാർച്ച് 28**

വി. കെ. ബാബുപ്രകാശ്,
**സെക്രട്ടറി.**